നവംബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 2014 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളിൽ നിന്നും മിനിമം വേതനം നൽകാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് വരെ നടത്തിയ പരിശോധനയിൽ 30 സ്ഥാപനങ്ങൾക്കെതിരെ 1,49,54,800 രൂപയുടെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 9 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികൾ

170 (2379) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലുള്ള അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ഡി) ഇത്തരം ക്യാമ്പുകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ ?

ഉത്തരം

(എ & ബി) ഉണ്ട്. 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ഇതുവരെ 3025 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ 1979-ലെ അന്യസംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം (RE & CS) എന്നിവ പ്രകാരം കർശന പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം പാലക്കാട് ജില്ലയിൽ 2015-വർഷത്തിൽ ഏഴ് പരിശോധനകൾ നടത്തിയിട്ടുള്ളതും കണ്ടെത്തിയ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ നിക്ഷേപം

171 (2380) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ ഒരോന്നിലും എത്ര തൊഴിലാളികൾ നിലവിൽ അംഗങ്ങളായുണ്ടെന്ന് പറയാമോ ;

(ബി) ഈ ഓരോ ക്ഷേമനിധി ബോർഡിലേക്കും പ്രതിവർഷം എത്ര രൂപ വീതം തൊഴിലാളികളുടെ അംശാദായമായും തൊഴിലുടമകളുടെ അംശാദായമായും ലഭിക്കുന്നുവെന്ന് പറയാമോ ;

(സി) ഓരോ ക്ഷേമനിധി ബോർഡിനും സ്ഥിരം നിക്ഷേപമായി ബാങ്കുകളിലോ , മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ തുക ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ അല്ലാതെ പുതു തലമുറ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആരുടെ തീരുമാനമനുസരിച്ചാണ് ഈ നിക്ഷേപങ്ങൾ നടത്തിയതെന്ന് പറയാമോ ;

(ഇ) ബാങ്കുകളിൽ നിന്നും ട്രഷറികളിലേക്ക് തുക മാറ്റി നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly